## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1973 | 01/02/2018 ൽ മറുപടിക്ക് |

### വിജിലൻസ് അന്വേഷണങ്ങളുടെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഉന്നത രാഷ്ട്രീയക്കാർ, മുൻ മന്ത്രിമാർ, മന്ത്രിമാർ എന്നിവർക്കെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് ഏതെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എല്ലാ അന്വേഷണങ്ങളുടെയും പുരോഗതി പരിശോധിക്കാൻ എല്ലാ മാസവും അവയുടെ പുരോഗതി റിപ്പോർട്ട് (Monthly Progress Report) ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥന്റെ അംഗീകാരത്തോടെ ഡയറക്ടറേറ്റിലേക്ക് അയക്കുകയും അത് ഡയറക്ടറേറ്റിൽ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാന പോലീസ് മേധാവിക്ക് വിജിലൻസ് ഡയറക്ടറുടെ അധിക ചുമതല നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 01/04/2017 മുതൽ 07/05/2017 വരെ സംസ്ഥാന പോലീസ് മേധാവി വിജിലൻസ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്നു. തുടർന്ന് 01/07/2017 മുതൽ വീണ്ടും സംസ്ഥാന പോലീസ് മേധാവി, വിജിലൻസ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചു . |
| (സി) | സംസ്ഥാനത്ത് ഡി.ജി.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ അഭാവമാണോ ഉത്തരവാദിത്വങ്ങൾ ഏറെയുള്ള പോലീസ് മേധാവിക്ക് പ്രത്യേക അന്വേഷണ വിഭാഗമായ വിജിലൻസിന്റെ അധിക ചുമതല കൂടി നൽകിയതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന പോലീസ് മേധാവിക്ക് വിജിലൻസ് ഡയറക്ടറുടെ അധികച്ചുമതല നൽകിയത് താത്കാലികമായ ഒരു നടപടിക്രമം മാത്രമാണ്. |
| (ഡി) | മതിയായ തെളിവുകളില്ലായെന്ന കാരണത്താൽ 2017 ഏപ്രിൽ 1 മുതൽ നാളിതുവരെ എത്ര ത്വരിതാന്വേഷണങ്ങൾ വിജിലൻസ് അവസാനിപ്പിച്ചു; ഈ കാലയളവിൽ എത്ര കേസുകൾ വിജിലൻസ് പുതിയതായി രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു ത്വരിതാന്വേഷണവും അന്വേഷണം പൂർത്തിയാക്കാതെ അവസാനിപ്പിക്കാറില്ല (ഹൈക്കോടതി ഉത്തരവ് ഒഴികെയുള്ളവ). ത്വരിതാന്വേഷണം നടത്തി തെളിവുകൾ ഇല്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചവ 29.1.18 വരെ 134 എണ്ണം ആണ്. ഈ കാലയളവിൽ 80 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തു. 46 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചു. |

സെക്ഷൻ ഓഫീസർ